# ഓസ്മോസിസ്

## ഡിജിറ്റൽ മാഗസിൻ

ജി എച്ച് എസ് എസ് നെല്ലാർഡാം



# <u>ഉള്ളടക്കം</u>


- **ആമുഖം**
- **എഡിറ്റോറിയൽ കമ്മിറ്റി**
- **മാഗസിൻ - ഒരു വാക്ക്... ഹെഡ്മിസ്ട്രസ്സ്**
- **കുട്ടി കൂട്ടായ്മ – പി ടി എ പ്രസിഡൻറ്**
- **എഴുത്തിൻെറ ഒഴുക്കിലേക്ക്---- കുട്ടികളുടെ രചനകൾ**
- **പള്ളിക്കൂടക്കാഴ്ചകൾ**

# <u>ആമുഖം</u>

വിദ്യാഭ്യാസ മേഖലയിൽ സാങ്കേതിക വിദ്യയുടെ സാന്നിദ്ധ്യം വലിയ മുന്നേറ്റത്തിന് വഴിതെളിച്ചു കഴിഞ്ഞു. പ്രൈമറി തലം മുതൽ മാറ്റത്തിന്റെ പാതയിലാണ്. സെക്കൻഡറി തലത്തിൽ ഹായ് കുട്ടിക്കൂട്ടത്തിൽ ആരംഭിച്ച കൂട്ടായ്മ ലിറ്റിൽ കൈറ്റ്സ് എന്ന പേരിൽ ഹൈടെക് പദ്ധതിയുടെ ഭാഗമായി സാങ്കേതികരംഗത്തെ വിവിധ മേഖലയിലെ നൈപുണികൾ കുട്ടികളിൽ എത്തിക്കുന്നു.

സ്വായത്തമാക്കിയ തങ്ങളുടെ പഠനമികവ് ഡിജിറ്റൽ മാഗസിനിലൂടെ സാർത്ഥകമാക്കുകയാണിവിടെ. സ്കൂൾതല പ്രവർത്തനങ്ങളുടെ നേർക്കാഴ്ചക്കൊപ്പം സർഗ്ഗാത്മക രചനകൾക്കും വേദിയൊരുങ്ങുകയാണിവിടെ.......

***എഡിറ്റർ***

## എഡിറ്റോറിയൽ കമ്മിറ്റി

**ചീഫ് എഡിറ്റർ - കല ജി ബി , ഹെഡ്മിസ്ട്രസ്സ്**

എഡിറ്റർ - വാണി അമൽ ദേവ്

ആശയം - ആദിത്യ

കവർ പേജ് - എബിൻ

ലേ ഔട്ട് - അദബിയ

സാഷാത്ക്കാരം - അഭിജിത്ത്

സാങ്കേതിക സഹായം - സുനിതകുമാരി ,എസ് ഐ റ്റി സി

## ഉപദേശക സമിതി

സ്റ്റാഫ് സെക്രട്ടറി - സുനിൽകുമാർ എ പി

പിടിഎ പ്രസിഡൻറ് - വിനോദ്

എംപിടിഎ - വിദ്യ

എൽകെ മിസ്ട്രസ്സ് - സുഷമ എസ് എസ്

## *ഡിജിറ്റൽ മാഗസിൻ എന്ന യാഥാർത്ഥ്യം*

*ലിറ്റിൽ കൈറ്റ് അംഗങ്ങളുടെ കൂട്ടായ്മ സജ്ജമാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.*

*കല ജി ബി*
***ഹെഡ്മിസ്ട്രസ്സ***

*ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും............*

**വിനോദ്**

**പി ടി എ പ്രസിഡൻറ്**

***കുട്ടിക്കൂട്ടത്തിന് എല്ലാ ഭാവുകങ്ങളും............***

**സുനിൽകുമാർ എ പി**
**സ്റ്റാഫ് സെക്രട്ടറി**

## എൻെറ പ്രിയ എഴുത്തുകാരൻ



വൈക്കം മുഹമ്മദ് ബഷീർ- എനിക്ക് ഏറ്റം ഇഷ്ടപ്പെട്ട എഴുത്തുകാരൻ. വ്യാകരണത്തിൻെറ വേലിക്കെട്ടിന് പുറത്ത് ആഖ്യയും ആഖ്യാതവും തിരിച്ചറിയാതെ നടന്ന ഈ മനുഷ്യൻെറ പിന്നാലെ വാക്കുകൾ കരഞ്ഞു വിളിച്ചു നടന്നു. ആ വാക്കുകളെ അദ്ദേഹം കാരുണ്യത്തോടെ എടുത്തു. വാക്കുകൾ കൊണ്ട് മൗനം സൃഷ്ടിച്ചു. മൗനം കൊണ്ട് വാക്കുകളെയും. പദപ്രയോഗങ്ങളിലൂടെ വേറിട്ട എഴുത്തുലോകം തന്നെ സൃഷ്ടിച്ചു. സാമൂഹിക പശ്ചാത്തലത്തിൽ ചുവടുറപ്പിച്ച് സമകാലീന പ്രശ്നങ്ങളെ തനതുശൈലിയിൽ അവതരിപ്പിച്ച് ലോക ശ്രദ്ധ പിടിച്ചു പറ്റി. കഥാപാത്രങ്ങൾക്ക് സ്വതസിദ്ധമായ കാരിക്കേച്ചർ നൽകി. ഒരു വിഭാഗം ജനതയെ അവരുടെ ജീവിത പശ്ചാത്തലത്തിൽ നർമ്മത്തിൻെറ പൂമ്പൊടി ചാലിച്ച് ബേപ്പൂർ സുൽത്താൻ സ്വന്തമാക്കി.

*അഭിജിത്ത് വി എസ്*

*IX A*

# കൊതുകിനെ കൊല്ലാമോ?

"കൊതുകിനെ കൊല്ലാമോ?"ഭാര്യയുടെ പെട്ടെന്നുള്ളചോദ്യം കേട്ടപ്പോൾ ഭർത്താവിന് തമാശയാണ് തോന്നിയത്.
അവർ ദിനപത്രങ്ങളിലെ ഭീകരം എന്നുപറഞ്ഞാല്ല പൈശാചികമായ കൊതുക വാർത്തകൾ വായിക്കുകയായിരുന്നു.
അശാന്തിയുടെ പകലുകൾ, അശാന്തിയുടെ രാത്രികൾ,മനുഷ്യൻെറ ജീവനും സ്വത്തിനും രക്ഷയില്ലാതായി തീർന്നുകൊണ്ടിരിക്കുന്നു. മനുഷ്യ നിർമ്മിതമായ സർവനാശത്തിൻെറ കൊതുകാണ് ചിറകടിച്ചുകൊണ്ടിരിക്കുന്നത്. തോക്കുകൾ,ബോംബുകൾ,വാളുകൾ,കഠാരികൾ എന്നിവയാണ് ഭരണം നടത്തികൊണ്ടിരിക്കുന്നത്. തീവെയ്പ്പും കൊലപാതകവും സർവത്ര. ദേവാലയങ്ങൾ ആയുധപുരകളായി തീർന്നിരിക്കുന്നു. അശാന്തിയുടെ മന്ദിരങ്ങൾ......പല പേരുകൾ....പല ആകൃതികളിൽ,മുഴത്തിനു മുഴത്തിനു ആയുധങ്ങളുമായി അനുയായികൾ എങ്ങും തിങ്ങിക്കൂടിയിരിക്കുന്നു. അവരുടെ ഇടയിലൂടെ രണ്ടും കല്പിച്ച് കുറെ മനുഷ്യർ – സ്ത്രീകളും പുരുഷൻമാരും – മതമൈത്രിയുടെ സന്ദേശവുമായി ശാന്തിയാത്ര നടത്തികൊണ്ടിരിക്കുന്നു. ജീവിതം ഒരു അനുഗ്രഹമാണ്. ശാപമാക്കരുത് – മറക്കരുത്.
ഇത്രയും ഭീതിയോടെ വായിച്ചപ്പോഴാണ് ഭാര്യയുടെ 'കൊതുകിനെ കൊല്ലാമോ' എന്ന ചോദ്യം.
അനേകലക്ഷം – അനേകലക്ഷമുണ്ടല്ലോ ഈശ്വരസൃഷ്ടിയില്ല ജീവികൾ – മനുഷ്യരും മനുഷ്യത്തികളുമടക്കം. അതില്ല കൊതുകിനു മാത്രമെന്താണ് ഇത്ര പ്രാധാന്യം? ഭാര്യ പറഞ്ഞു,'ഇപ്പോൾ കൊതുകാണ് എൻെറ മുന്നിലുള്ളത് '.

"ഞാനുമുണ്ടല്ലോ"

"ഹിംസ അരുതെന്നാണല്ലോ ഉപദേശം"

"ദയ,സ്നേഹം,സഹാനുഭൂതി,കാരുണ്യം – ഇതു വല്ലതും ഇവിടെയുണ്ടോ?ഓർത്തുനോക്ക്,ഇഹലോകജീവിതം ഒരു തമാശയാണ്. ഇവിടെ നിമിഷംതോറും നിശബ്ദ കൊലപാതകങ്ങൾ നടക്കുന്നു – ശബ്ദമുള്ളതും. ഓർത്തുനോക്കു, അശാന്തിയുടെ മഹാ മഹാ മന്ദിരമാകുന്നു നമ്മുടെ ഈ ഭൂഗോളം!!!!"

"ശാന്തി ഭവിക്കട്ടെ എന്നു ആശ്വസിക്കാറുണ്ടല്ലോ?"

"ശരീരത്തിന് സൗഖ്യവും മനസ്സിന് ശാന്തിയും നേരുന്നു എന്നു പറയാറുണ്ട്. ചിരഞ്ജീവിയായിരിക്കട്ടെ എന്നും പറയാറുണ്ടല്ലോ. എല്ലാ

ജീവികളും മരണത്തിൻെറ രുചി അറിയും. ഇപ്പോൾ മരണം ഒരു സനാതനസത്യമാണല്ലോ.”

"അതെന്താ ഇപ്പോൾ?”

"പണ്ടു പണ്ടുണ്ടല്ലോ ആദി മുതല്ല,അന്നു മരണം ഉണ്ടായിരുന്നില്ല. ജനനവും ഉണ്ടായിരുന്നില്ല. കരുണാമയനായ ദൈവം മാത്രം. അങ്ങനെ യുഗങ്ങൾ,മന്വന്തരങ്ങൾ,മഹാകാലം. സമയം ഉണ്ടായിരുന്നില്ല. സ്ഥലവും ഉണ്ടായിരുന്നില്ല. അങ്ങനെ മന്വന്തരങ്ങൾ കോടാനുകോടി. പിന്നേയും കോടി. എല്ലാം മംഗളമായ ഈ നിമിഷം. അപ്പോൾ അനുഗ്രഹമായി – സൃഷ്ടി നടന്നു. പ്രപഞ്ചങ്ങളുണ്ടായി – ജീവികളും – ജനനവും മരണവും ഉണ്ടായി. മരണം സനാതന സത്യമായി തീർന്നു. മരണം എപ്പോഴും സനാതന സത്യമായിരിക്കുമോ എന്നു സംശയം.”

"അതെന്താ സംശയം? എനിക്കു പേടി തോന്നുന്നു.”

"പേടി തോന്നുന്നത് നന്ന്. നീയും ഞാനും മനുഷ്യകുലവും മറ്റു സർവ്വ ജീവജാലങ്ങളും ഇല്ലതാകുവാൻ പോകുകയാണ്. മഹാമരണത്തിൻെറ അവസാന വരവ് ആരംഭിച്ചു കഴിഞ്ഞു. ഇത് മനുഷ്യകുലത്തിൽ അധികം പേർ അറിയുന്നിൽ അവർ മതമൈത്രിക്കെതിര തോക്കും വാളും കുന്തവും ബോംബുകളുമായി റോന്തുചുറ്റുന്നു.അവരുടെ തന്നെ ശവകുടീരങ്ങളിൽ.”

"നമ്മുക്കു വല്ല തമാശയും പറയാം. എനിക്ക് മനസ്സിന് വല്ലാത്ത വിഷമം തോന്നുന്നു.”

"ഗേറ്റ് പൂട്ടീട്ടുണ്ടല്ലോ. കതകും ജനാലകളും അടച്ചേക്ക്. വെളിച്ചം വെളിയിൽ കാണണ്ട. ഓർക്കുമ്പോൾ പേടി തോന്നും. മരണം–ക്രൂരരിൽ ക്രൂരരായ അതിൻെറ കാവൽക്കാർ. അശാന്തിയുടെ മന്ദിരങ്ങൾ.”

"പത്രങ്ങളിൽ കാണുന്നുണ്ടല്ലോ,ഭൂഗോളത്തിൻെറ രക്ഷാകവചമായ ഓസോൺ പാളികൾ ഇല്ലാതായാൽ എന്തു സംഭവിക്കും”

"വൻ തമാശ"

"എന്താണത്?”

" മരണം"

"എനിക്കു ശ്വാസം മുട്ടലുപോലെ തോന്നുന്നു.”

"പേടിക്കാനൊന്നുമില്ല. ഞാനൊരു തമാശ പറയാം. അല്ലെന്കിൽ വേണ്ട. മനുഷ്യനെ പോലെയുള്ള ഒരു ക്രൂര ജീവി വേറെയില്ല. അവനു എഴുതുന്നതിനുള്ള ഗ്രന്ഥങ്ങളുണ്ട്. വായിക്കാനറിയാം. എന്നിട്ടും സ്നേഹമില്ല. ദയയില്ല. സഹാനുഭൂതിയില്ല. കാരുണ്യവുമില്ല. തീവെയ്പ്പും കൊള്ളയും.”

നമ്മളെന്തു ചെയ്യും?

ബോധമണ്ഡലം വികസിപ്പിക്കുക. കരുണാമയനായ ദൈവമേ എന്നുള്ള ചിന്തയോടെ സ്നേഹം,ദയ,കാരുണ്യം എന്നിവ പാലിക്കുക. രാവിൻെറയും പകലിൻെറയും ഭീതിയിൽ നിന്നും ഞങ്ങളെ രക്ഷിക്കണേ ദൈവമേ എന്നു പ്രാർത്ഥിക്കുക. ഞങ്ങളുടെ മനസ്സുകൾക്ക് ശാന്തി നൽകേണമേ എന്നും പ്ര്ർത്ഥിക്കുക. ഓർക്കുക, മഹാകാലത്തിൽ എവിടെയോ നിന്നും നമ്മൾ ഇവിടെ വന്നു. നമ്മൾ എങ്ങോട്ടോ പോകുന്ന

യാത്രക്കാരാണ്. നമ്മുടെ ഈ യാത്ര എങ്ങോട്ടാണ് ?നന്മയിലേക്കും മഹാശാന്തിയിലേക്കും നമ്മളേവരെയും നയിച്ചു.എല്ലാം മംഗളമാക്കാൻ ദൈവത്തോടു പ്രാർത്ഥിക്കുക. ദൈവം തമ്പുരാൻ മഹാകാരുണ്യവാനാണല്ലോ."

"സന്തോഷം", ഭാര്യ പറഞ്ഞു. "എനിക്കിപ്പോൾ മനസ്സിന് വലിയ സമാധാനമാണ്. പേടി ഇല്ലാതായി. ചിരിക്കാൻ തോന്നുന്നുണ്ട്".

"ഇഷ്ടം പോലെ ചിരിച്ചോളൂ. ചിരി അനുഗ്രഹമാണ്. ഏതു ദുഷ്ടനും ചിരിക്കും. ക്രൂരമായ ചിരി".

"ഇതുവരെ കൊതുകിന്റെ കാര്യം പറഞ്ഞില്ല. മനുഷ്യരുടെയും മറ്റു ജീവികളുടെയും ചോര കുടിച്ചു ജീവിക്കുന്ന ക്രൂര ജീവികളായിട്ട് കൊതുകിനെ കരുണാമയനായ ദൈവം എന്തിനു സൃഷ്ടിച്ചു?"

"കൊതുക് ക്രൂര ജീവി ഒന്നുമല്ല.മനുഷ്യനാണ് ക്രൂരജീവി. ദൈവം കൽപ്പിച്ചിട്ടാണ് കൊതുക് ചോര കുടിക്കുന്നത്. സൃഷ്ടിയുടെ രഹസ്യം പരമരഹസ്യമാണ്. അതിൽ തമാശയും ഉണ്ടെന്നോർത്തുകൊള്ളുക. സൃഷ്ടിയുടെ ദിവ്യ മുഹൂർത്തത്തിൽ ദൈവം തമ്പുരാൻ കൊതുകിനോട് പറഞ്ഞു – മനുഷ്യരെയും മനുഷ്യത്തികളെയും സൃഷ്ടിച്ചിരിക്കുന്നത് നിനക്കു വേണ്ടിയാണ്. നീ പോയി അവരുടെ
ചോര കുടിച്ചു ജീവിച്ചുകൊള്ളുക. ചില മൃഗങ്ങളുടെയും ജന്തുക്കളുടെയും ചോര ഒരു മാറ്റത്തിന് നിനക്കു കുടിക്കാം. അവരുടെ മോന്തയിൽ ചെന്നിരിക്കുമ്പോൾ നീ ശ്രദ്ധിക്കണം. നാവുകൊണ്ട് നിന്നെ അവർ അകത്താക്കിക്കളയും. ഓർത്തുകൊള്ളുക. മനുഷ്യൻമാരുടെയും മനുഷ്യത്തിമാരുടെയും അടുത്തുചെന്നു ചോര കുടിക്കുമ്പോൾ അതീവ ശ്രദ്ധ വേണം. നിന്നെ അടിച്ചു കൊല്ലാൻ ഒരു നിശബ്ദ ആജ്ഞ ഞാൻ അവർക്ക് കൊടുത്തിട്ടുണ്ട്. കൈ പൊക്കുമ്പോൾ നീ ഠപ്പേന്ന് പറന്നു രക്ഷപ്പെടണം. അതിനാണു നിനക്കു ചിറകുകൾ തന്നിരിക്കുന്നത്. മനുഷ്യൻമാർക്കും മനുഷ്യത്തികൾക്കും ഞാൻ ചിറകുകൾ കൊടുത്തിട്ടില്ല. അതും നീ അറിയണം. മനുഷ്യൻമാരോടും മനുഷ്യത്തിമാരോടും ഉള്ള എന്റെ കാരുണ്യം കൊണ്ടാണ് നിന്നെ വെറും മോഴയായി സൃഷ്ടിച്ചിരിക്കുന്നത്. നിനക്ക് എല്ലുകൾ ഇല്ല. നിന്നെ അടിച്ചു കൊല്ലുമ്പോൾ അവരുടെ കൈകൾ വേദനിക്കരുത്. നിന്നോടുള്ള കാരുണ്യം കൊണ്ടാണ് അവരുടെ ചോര നിനക്ക് മധുരതരമാക്കിയത്. നീ പറന്നു പോയി അവരുടെ
ചോര കുടിച്ചു ജീവിക്കുക. പത്രങ്ങളിൽ കാണുന്നുണ്ടല്ലോ – അചന്ദ്രതാരം."

"എന്താണു അചന്ദ്രതാരം?"

"ആ കൊതുകിനെ ഞാൻ ജീവിപ്പിക്കാൻ പോകുന്നില്ല. പത്രങ്ങളിൽ കാണുന്നുണ്ടല്ലോ. അറിയാമോ ഒരു കൊതുക്....."

"എനിക്കറിയാം. ഞാൻ നേരത്തേ കണ്ടതാണ്. ഇടതു കൈത്തണ്ടിൽ വന്നിരുന്ന് എന്റെ ചോര കുടിക്കുന്ന കൊതുകിനെ.."

"എന്നിട്ടെന്താ കൊല്ലാത്തത്?"

"മരണം കാത്തു കഴിയുന്ന മനുഷ്യനല്ലോ....അല്പം രക്തദാനം ആയിക്കളയാം എന്നു വിചാരിച്ചു. പിന്നെ എന്റെ ചോര കുടിച്ചോളാൻ ദൈവം

തമ്പുരാൻ കല്പിച്ചിട്ടുണ്ടല്ലോ!'

'അടിച്ചുകൊല്ലാനും കല്പിച്ചിട്ടുണ്ട്.... 'എന്നു പറഞ്ഞു ഭാര്യ ഭർത്താവിൻെറ കൈത്തണ്ടിൽ വലിയ ഒരടി അടിച്ചു. 'നിൻെറ കാരുണ്യം എവിടെ മനുഷ്യത്തി' എന്ന മട്ടിൽ ചെറിയ ഒരു ശബ്ദത്തോടെ കൊതുക് പറന്നുപോയി.

"കഷ്ടമായിപ്പോയി" ഭാര്യ പറഞ്ഞു, "ആ കൊതുക് രക്ഷപ്പെട്ടു."

മംഗളം!
സർവ്വമംഗളം !!
ശുഭം !!!

Aadithya A

IX B


## അമ്മ വായന

വായനാദിനത്തോട് അനുബന്ധിച്ച് നടത്തിയ മികവാർന്ന തനതു പ്രവർത്തനമാണ് അമ്മ വായന.എസ് ആർ ജി കൂടി പരിപാടികൾ മുൻകൂട്ടി ആസൂത്രണം ചെയ്യുകയും രക്ഷിതാക്കൾക്ക് അറിയിപ്പ് നൽകാൻ അതാത് ക്ലാസ് ടീച്ചർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു.2017 ജൂൺ 19 രാവിലെ അസംബ്ലിയിൽ അമ്മ വായന പരിപാടിയുടെ ഉദ്ഘാടനം നടത്തി.നളിനി എന്ന രക്ഷിതാവ് കുട്ടികൾക്കായി പുസ്തക വായന നടത്തി.

തുടർന്ന് എൽ പി ഷെഡിൽ വച്ച് അമ്മവായനയുടെ തുടർപരിപാടികൾ നടന്നു.കുട്ടികൾക്ക് ഒരു വേറിട്ട അനുഭവമായിരുന്നു അത്.എം ടി ,തകഴി,ബഷീർ,ഒ ൻ വി,സുഗതകുമാരി എന്നിവരുടെ രചനകൾ കുട്ടികൾക്ക് പരിചയപ്പെടുത്തുകയുണ്ടായി.എൽപി ഒരു കുട്ടിയുടെ അമ്മൂമ്മയും സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിനിയുമായ എൽസ താൻ രണ്ടാം തരത്തിൽ പഠിച്ച കവിത കുട്ടികൾക്കായി ചൊല്ലി.

അതിനുശേഷം അധ്യാപകർ കുട്ടികൾക്കായി പുസ്തകവായന നടത്തി.രാവിലെ മുതൽ ഉച്ചവരെ നീണ്ടുനിന്ന അമ്മവായന ഉത്സവം കുട്ടികൾക്ക് വളരെ ആസ്വാദ്യകരമായി

തീർന്നു.നിരവധി സാഹിത്യകാരൻമാരുടെ സൃഷ്ടികൾ കുട്ടികൾക്കും രക്ഷിതാക്കൾക്കും പരിചയപ്പെടാനുള്ള അവസരം ഇതിലൂടെ ലഭിച്ചു.



**Ananthu B IX B**

# IMPLEMENTING OF GREEN PROTOCOL

# STEPS

- Avoid the use of all types of disposable (including plastic papers) in daily life.
- Always use cups and containers that can be washed and reused instead of those made of plastic or paper.
- Avoid banned plastic materials follow Government rules in this regard.
- Sgregate bio and non -bio degradable clean and dry and store separately base the type;hand it over to local body system or scrap dealer for recycling

- Avolid “Use and Throw”carry bags.Always use bags made of Eco-friendly materials.
- Always use cloth banners instead of flex.
- *Use bamboo baskets or oncemade of Eco-friendly materials instead* of plastic waste baskets.
- **Use Eco-friendly materials like leaves,flowers,reeds,palmleaves etc for decoration and while making bouquts for felicitating guests.**
- **GREEN PROTOCOL is a noval iniiative which give a holistic view of linking consumerism,sanitation ,climate change and environment protection. Starting from home to school premises then to the whole society. Thus the whole locality must be a plateform for Zero waste Zero plastic management. The mission is very confident that this is one of the many initiatives that has all potential to chage the face of waste management scenario and possibily the Planet our only home. More importantly implementing the Green Protocol can save money as well as resources.It has emrged as one of the most efficient and sustainable models in waste management.**

**Naksiyo IX B**

## പ്രാർത്ഥന

വൈക്കം മുഹമ്മദ് ബഷീർ

ദാഹിച്ചു വലഞ്ഞു വരുന്ന ഒരു മൃഗത്തിന്
വെള്ളം കൊടുക്കുന്നത് ഒരു പ്രാർത്ഥന.

ഒരു ചെടിയോ വൃക്ഷമോ നട്ടു വെള്ളമൊഴിച്ച്
വളർത്തുന്നതും പ്രാർത്ഥന.

ഒരു പുഷ്പത്തിൻെറ സൗന്ദര്യവും സൗരഭ്യവും

ആസ്വദിക്കുന്നതും പ്രാർത്ഥന.

ജീവികളെ സന്തോഷിപ്പിക്കുന്നതും പ്രാർത്ഥന.

ദുഃഖിതരെ ആശ്വസിപ്പിക്കുന്നതും പ്രാർത്ഥന.

രാവിന്റെയും പകലിന്റെയും ഭീതികളിൽ നിന്ന്
ഞങ്ങളെ രക്ഷിക്കേണമേ എന്നപേക്ഷിക്കുന്നതും
പ്രാർത്ഥന.

അനന്തമായ പ്രാർത്ഥനയാകുന്നു ജീവിതം!

അദബിയ എ
**IX B**

# ഗാന്ധി ജയന്തി ദിനാചരണം







# <u>ശുചിത്വദിനാചരണം</u>














# ലോക കൈകഴുകൽ ദിനം







ഓസ്മോസിസ്

# ഹലോ ഇംഗ്ലീഷ്



## ഹലോ ഇംഗ്ലീഷ്

2018-'19 അധ്യയന വർഷത്തെ "ഹലോ ഇംഗ്ലീഷ്"പദ്ധതി ജൂൺ 7-ന് ആരംഭിച്ചു. രാവിലെ 10:30 ന് കൂടിയ പ്രത്യേക അസംബ്ലിയിൽ വാർഡ് മെമ്പർ ശ്രീ.ശശീന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. തുടർന്നുള്ള ദിവസങ്ങളിൽ ഉച്ചയ്ക്ക് 1:30 മുതൽ ക്ലാസ്സുകൾ ക്രമീകരിച്ചു. "പഠിതാവിനെ അറിയുക" എന്ന ആദ്യ ഘട്ട പാക്കേജിൽ ഉൾപ്പെട്ടിട്ടുള്ള സന്നദ്ധതാപ്രവർത്തനങ്ങൾ ഓരോ ക്ലാസിലേയും ഇംഗ്ലീഷ് അധ്യാപകർ ഏറ്റെടുത്തു. അധ്യാപകർ ടീച്ചിംഗ് ടോക്ക് ഉൾപ്പെടെ ടീച്ചിംഗ് മാന്വൽ എഴുതി തയ്യാറാക്കി. തുടർന്ന് ഓരോ ദിവസവും പഠനപ്രവർത്തനത്തിനാവശ്യമായ ഉൽപന്നങ്ങൾ ശേഖരിച്ചു. പാട്ടുകൾ,കളികൾ,ആക്ഷൻ സോങ്ങുകൾ,നാടകീകരണം തുടങ്ങിയവയിലൂടെ കുട്ടികളിൽ ഇംഗ്ലീഷ് പഠനം വളരെ രസകരവും ഭയരഹിതവും ആക്കാൻ സാധിച്ചു. ജൂൺ 22 ന് ഓരോ ക്ലാസ്സിൻെറയും പിടിഎ യോഗം കൂടി. കുട്ടികൾ ഒന്നാം ഘട്ടത്തിൽ ആർജ്ജിച്ച പഠനനേട്ടങ്ങൾ പൊതുസമൂഹത്തിനു മുന്നിൽ അവതരിപ്പിക്കാനുള്ള അവസരം നൽകി. തുടർന്ന് ജനപ്രതിനിധികൾ,പിടിഎ അംഗങ്ങൾ ഉൾപ്പെടെയുള്ളവർ സമാപന സമ്മേളനത്തിൽ പങ്കുചേർന്നു. "റെയിൻഡ്രോപ്പ്സ്" എന്ന പേരിൽ കുട്ടികളുടെ ഉത്പന്നങ്ങൾ ഉൾപ്പെടുത്തികൊണ്ട് പതിപ്പ് പ്രകാശനം ചെയ്തു.ഒന്നാം ഘട്ടം വളരെ നല്ല രീതിയിൽ നടത്താൻ സാധിച്ചു.

ഒന്നാമത്തെ യൂണിറ്റ് മുതൽ "ഹലോ ഇംഗ്ലീഷ്" ഹാൻഡ് ബുക്ക് അനുസരിച്ചുള്ള ക്ലാസുകൾ എടുത്തുകൊണ്ടിരിക്കുന്നു.

"ഹലോ ഇംഗ്ലീഷ്" പ്രൈമറി കുട്ടികളിൽ ഇംഗ്ലീഷിൻെറ പഠനനിലവാരം ഉയർത്തും എന്ന

ഓസ്മോസിസ്

പ്രതീക്ഷയോടെ..

ഇംഗ്ലീഷ് ക്ലബ് കൺവീനര്

**ഞങ്ങളുടെ കൂട്ടിപ്പട്ടങ്ങളുടെ ചില നല്ല നിമിഷങ്ങളിലൂടെ.........**









# സ്നേഹപൂർവ്വം .........

## ലിറ്റിൽ കൈറ്റ്സ്

### നെയ്യാർഡാം